**6th December 2015 / Sunday** **42nd day of 90 days**

***സങ്കീർത്തനങ്ങൾ 34:8***

***'യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ. അവനെ ശരണം പ്രാപിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ'***

യഹോവ നല്ലവൻ എന്നു സത്യവിശ്വാസികൾക്ക് എല്ലാം അറിയാം. സകലത്തെയും സൃഷ്ടിച്ച് ലോകത്തിനുവേണ്ടി നൽകി, പാപത്തിൽ നിന്നും ശാപത്തിൽ നിന്നും രക്ഷ നേടുന്നതിന് തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. ജീവനെ മറുവിലയായി കൊടുത്ത് പാപികളായ നമ്മെ രക്ഷപ്പെടുത്തി നിത്യജീവനിലേക്ക് നയിച്ചു. ഇത്രയധികം കരുണയും ദയയും കാണിക്കുന്ന യഹോവയായ ദൈവം നല്ലവനാണ്, സ്നേഹമുള്ളവനാണ്, മക്കളെ അതിരില്ലാതെ സ്നേഹിക്കുന്ന പിതാവാണ്. അത് ദൈവമക്കൾ രുചിച്ചറിയണം എന്നു സങ്കീർത്തനക്കാരൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ആഹാരത്തെപ്പോലെ എങ്ങനെയാണ് യഹോവയായ ദൈവത്തെ രുചിച്ചറിയാൻ കഴിയുന്നത്. വിശ്വസികൾക്ക് അഞ്ച് ഇന്ദ്രീയങ്ങൾ കൊണ്ട് ദൈവത്തെ രുചിച്ചറിയാൻ കഴിയണം. കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നിവകൊണ്ട് ദൈവത്തെ എങ്ങനെയാണ് രുചിച്ചറിയാൻ കഴിയുന്നത്. കൂദാശകളുടെ കൂദാശയായ വിശുദ്ധ കുർബ്ബാനയിൽ കൂടി മാത്രമേ അതിന് നമുക്ക് സാധിക്കൂ. വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ ത്രോണോസിലൂടെ നമുക്ക് ദൈവത്തെ കാണാൻ കഴിയും. ധൂപം അർപ്പിക്കുമ്പോൾ ഉയരുന്ന മണം / സൗരഭ്യം കൊണ്ടും ദൈവത്തിന്റെ സാന്നിധ്യം മനസ്സിലാക്കാൻ കഴിയും. ആരാധനയിൽ മുഴങ്ങി കേൾക്കുന്ന ഗീതങ്ങളും പ്രാർത്ഥനകളും ശ്രവിച്ച് ചെവികൊണ്ടും ദൈവത്തെ അറിയാൻ കഴിയും. ഇനിയും നാക്കും ത്വക്കും കൊണ്ടും എങ്ങനെയാണ് ദൈവത്തെ തിരിച്ചറിയുന്നത്? വിശുദ്ധരായി വിശുദ്ധ കുർബ്ബാനയിൽ കൂടി യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുമ്പോൾ, സ്പർശനവും രുചിയും അവിടെ പൂർണ്ണമാകുന്നു. ഇങ്ങനെ അഞ്ച് ഇന്ദ്രീയങ്ങൾ കൊണ്ട് ദൈവത്തെ നല്ലവൻ എന്ന് രുചിച്ചറിയാൻ കഴിയും. യഹോവയെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ എന്നു വചനം ഘോഷിക്കുന്നു. ഇവിടെ പുരുഷൻ എന്ന് സംബോധന ചെയ്തിരിക്കുന്നത് ആൺ–പെൺ അടിസ്ഥാനത്തിലല്ല, മനുഷ്യന്റെ ആത്മാവിനെയാണ് സൂചിപ്പിക്കുന്നത്. എല്ലാ മനുഷ്യരുടെയും ആത്മാവ് പുരുഷനും ദേഹി സ്ത്രീയുമാണ്. വിശുദ്ധ മാമോദീസായിലൂടെ കർത്താവിന്റെ പ്രതിപുരുഷനായ പുരോഹിതന്മാരിലൂടെ ലഭിക്കുന്ന ആത്മാവിനെ വളർത്തി രക്ഷയുടെ പാതയിൽ സഞ്ചരിക്കേണം. ആത്മാവും ദേഹിയും പൂർണ്ണമായി യഥാസ്ഥാനപ്പെട്ടാൽ മാത്രമേ പരിശുദ്ധാത്മാവിൽ നിറഞ്ഞ് മണവാളനായി കാത്തിരിക്കാൻ കഴിയൂ.

